<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5167**</u> <u>**12-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**സംസ്ഥാനത്തിന്റെ പൊതുകടം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്നും പൊതുകടം അടച്ചു തീർക്കാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ? | (എ) | 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) വർഷം പൊതുകടം 2016-17 125882.85 2017-18 142984.53 2018-19 158234.45 2019-20* 174640.22 2020-21** 205447.72 (*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. ** കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.) ഓരോ സാമ്പത്തിക വർഷത്തിലും തിരിച്ചടവ് നടത്തേണ്ടതായിട്ടുള്ള വായ്പകൾ ആ തിരിച്ചടവ് ദിവസം തന്നെ തിരികെ നൽകേണ്ടതായിട്ടുണ്ട്. സർക്കാർ ഓരോ വർഷവും എടുക്കുന്ന കടത്തിൽ നിന്നും മുൻവർഷങ്ങളിൽ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ഉണ്ടെങ്കിൽ അത് കിഴിച്ചതിനു ശേഷമുള്ള തുക മാത്രമേ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചു കൊണ്ടും അനാവശ്യ ചെലവുകൾ ഒഴിവാക്കി കൊണ്ടും വിഭവ സമാഹരണം വർദ്ധിപ്പിക്കാനാണ് സർക്കാർ പ്രധാനമായും ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ